LIBRARY ARCHIVES Kerala Legislative Assembly

നാട്ടിക നിയോജകമണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം

21 (2259) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജക മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ ;

(ബി) സമ്പൂർണ്ണമായി വൈദ്യുതീകരിച്ച മണ്ഡലമായി നാട്ടികയെ മാറ്റാനുള്ള പദ്ധതി സമർപ്പിച്ചാൽ പരിഗണിക്കുമോ ;

(സി) സംവരണ മണ്ഡലങ്ങൾക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും മുൻഗണന നിലവിലുണ്ടോ ; ഇല്ലെങ്കിൽ മുൻഗണന നല്കാനായുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2009-ൽ നാട്ടിക നിയോജക മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയതായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. മണ്ഡലം തിരിച്ചുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഇപ്പോൾ നിലവിലില്ല.

(ബി) 3-12-2014-ലെ കണക്കനുസരിച്ച് നാട്ടിക നിയോജക മണ്ഡലത്തിൽ സർവ്വീസ് കണക്ഷനുകൾക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ഇനിയും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് എടുത്തു നൽകുന്നതും ടി തുക ഒടുക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതുമാണ്. അപ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയ മണ്ഡലമായി നാട്ടികയെ മാറ്റുന്നതിനുള്ള പദ്ധതി സമർപ്പിച്ചാൽ പരിഗണിക്കാവുന്നതാണ്.

(സി) ഇല്ല. ബാധകമല്ല.

വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും സൗരോർജത്തിന് മുൻതൂക്കം നൽകുന്നതിനും നിയമനിർമ്മാണം

22 (2260) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും സൗരോർജത്തിന് മുൻതൂക്കം നൽകി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമുതകുന്ന വിധത്തിൽ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;